## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 447

## 05.06.2018 - ലെ മറുപടിയ്ക്ക്

പൊതുമേഖലയിലെ പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടേതായ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരുന്ന പണം മുഴുവൻ മാർച്ച് 31-ന് മുമ്പ് സർക്കാർ പിൻവലിച്ചത് കാരണം പൊതുമേഖലയിലെ പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | പൊതുമേഖലാ സ്ഥാപനങ്ങളുടേതായ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച തുക തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ധനകാര്യ(സ്ട്രീംലൈനിംഗ്) സെക്ഷനിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള<br>ജി.ഒ.(പി) നം.24/2018/ധന തീയതി 20.02.2018,<br>ജി.ഒ.(പി) നം.27/2018/ധന തീയതി 26.02.2018,<br>സർക്കുലർ നം.25/2018/ധന തീയതി 03.04.2018,<br>സർക്കുലർ നം.41/2018/ധന തീയതി 07.05.2018,<br>എന്നീ ഉത്തരവുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആഴ്ചതോറും പിൻവലിക്കാവുന്ന തുകയുടെ പരിധി കുറച്ചുകൊണ്ടിരിക്കുന്നത് കാരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ സ്ഥിതി മോശമാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; | ട്രഷറി ഇടപാടുകളിലെ ക്രമീകരണത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്. എന്നാൽ ആഴ്ചയിൽ പിൻവലിക്കാവുന്ന തുകയ്ക്ക് എന്തെങ്കിലും പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യവകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടിനുവേണ്ടി പലതവണ സെക്രട്ടേറിയറ്റിൽ ധനകാര്യ വകുപ്പിന്റെ ഓഫീസിൽ കയറി ഇറങ്ങുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | അത്തരമൊരവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഫണ്ട് റിലീസ് പ്രൊപ്പോസലുകൾ പരിശോധിച്ച് ആവശ്യമായവ റിലീസ് ചെയ്യുന്നതിനുള്ള അനുമതി സമയബന്ധിതമായി ധനവകുപ്പിൽ നിന്നും നൽകിവരുന്നു. |
| (ഡി) | പ്രസ്തുത നയം കാരണം പദ്ധതികൾ പാടെ നിലച്ചതായി പറയപ്പെടുന്ന അവസ്ഥ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | |

സെക്ഷൻ ഓഫീസർ